**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1784 — 14.7.2016 -ൽ മറുപടിക്ക്

<u>റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയിലെ സുരക്ഷ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) റിസോർട്ടുകളിലും ഹോംസ്റ്റേകളിലും താമസിക്കുന്നവരുടെ സുരക്ഷയുടെ കാര്യത്തിൽ ഉയർന്നിട്ടുള്ള ആശങ്കകൾ ദൂരീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) റിസോർട്ടുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് വിനോദസഞ്ചാര വകുപ്പ് അല്ല. എന്നാൽ ഹോംസ്റ്റേകൾക്കുള്ള ക്ലാസിഫിക്കേഷൻ സ്കീം വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ഹോംസ്റ്റേകൾ ഉപയോഗിക്കുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസിന്റെയും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തടസവാദങ്ങളില്ലാത്തവയ്ക്ക് മാത്രമേ ഹോംസ്റ്റേയ്ക്കുള്ള അനുമതി നൽകാറുള്ളു. |
| (ബി) ഇവയുടെ പ്രവർത്തനം നിരീക്ഷിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | ബി) വിനോദസഞ്ചാര വകുപ്പ് ക്ലാസിഫിക്കേഷൻ നൽകിയിട്ടുള്ള ഹോംസ്റ്റേകളിൽ വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന തുടർ നിരീക്ഷണം നടത്തി വരുന്നുണ്ട്. ക്ലാസിഫൈഡ് ഹോംസ്റ്റേകളെ സംബന്ധിച്ചുള്ള പരാതികൾ പരിശോധിച്ച് ഉചിത നടപടി സ്വീകരിച്ചു വരുന്നുമുണ്ട്. സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പോലീസ് വകുപ്പിന് തുടർ നടപടിക്കായി വകുപ്പിൽ നിന്നും അറിയിപ്പും നൽകുന്നുണ്ട്. |

Anuradha

**സെക്ഷൻ ഓഫീസർ**